ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി എല്ലാ ജില്ലകളിലും 5 വീതം ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനിയർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും മാസത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ അവലോകന യോഗം നടത്തണം എന്ന കർശന നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം ഭൂരിഭാഗം ജില്ലകളും ബന്ധപ്പെട്ട അവലോകന യോഗങ്ങൾ കഴിഞ്ഞ മാസങ്ങളിൽ നടത്തുകയും അതാതു ജില്ലകളിലെ ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയുമുണ്ടായി. ഇത് കൂടാതെ ജില്ലാതല അവലോകന യോഗങ്ങളിൽ വിലയിരുത്തുന്നതിനായി ഓരോ ജില്ലയുടെയും ഓരോ മാസത്തെയും ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ പുരോഗതി വിശദമായി പ്രതിപാദിക്കുന്ന റിപ്പോർട്ട് ഐ.ടി. മിഷൻ അതാതു ജില്ലകളിലെ ബന്ധപ്പെട്ട അധികാരികൾക്ക് ലഭ്യമാക്കുകയും വീഡിയോ കോൺഫറൻസ് മുഖേന ചർച്ച ചെയ്തു പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതോടൊപ്പംതന്നെ എല്ലാ ജില്ലകളിലും ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി അതാതു ജില്ലയിലെ ബന്ധപ്പെട്ട റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടേയും അക്ഷയാ സംരംഭകരുടെയും ഒരു സംയുക്ത യോഗം നടത്തുകയും ചെയ്തു.

ഇ-ഗവേണൻസ്

ഇ-ഗവേണൻസിനുവേണ്ടി വകുപ്പുതലത്തിൽ വിവിധ പ്രോജക്ട് കമ്മിറ്റികളും വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാന തലത്തിൽ രൂപീകരിച്ച അപെക്സ് കമ്മിറ്റിയും മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നയരൂപീകരണത്തിനായുള്ള steering കമ്മിറ്റിയും ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം നിലവിൽവന്നു. ഒന്നാംഘട്ടമായി 16 വകുപ്പുകളിലും രണ്ടാം ഘട്ടമായി ബാക്കിയുള്ള വകുപ്പുകളിലും ഈ സംവിധാനം നിലവിൽവരും.

സ്പാർക്ക് സംവിധാനത്തിന്റെ കേന്ദ്ര ഓഫീസ്

211 (6662) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജീവനക്കാരുടെ ശമ്പള ബില്ലുകളും മറ്റും ബന്ധിപ്പിച്ചിരിക്കുന്ന സ്പാർക്ക് സംവിധാനത്തിന്റെ കേന്ദ്ര ഓഫീസ് നിയന്ത്രണം എവിടെയെന്നും ഈ ഓഫീസിന്റെ പ്രവർത്തനത്തിന് എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ഇവർ ഏതെല്ലാം തസ്തികകളിലാണ് ജോലിചെയ്യുന്നതെന്നും വെളിപ്പെടുത്താമോ ;

(ബി) സ്പാർക്കിന്റെ ഓഫീസിൽ ദിവസവേതനക്കാരായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ജീവനക്കാരെ ഏതെല്ലാം തസ്തിക കളിലാണ് നിയമിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽനിന്നും സ്പാർക്ക് സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനുള്ള ഹോൺകോൾ സ്വീകരിക്കാൻ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ജീവനക്കാരെ ഇതിനായി നിയോഗിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) സ്പാർക്കിൽ ഹോൺ മുഖാന്തിരം പരാതികൾ കേൾക്കുന്നതിൽ നിരുത്തരവാദപരമായി ജീവനക്കാർ പെരുമാറുന്നതിനാൽ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽനിന്നും ജീവനക്കാർ കേന്ദ്ര ഓഫീസിൽ നേരിട്ടെത്തി പരാതികൾ പരിഹരിക്കേണ്ടിവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സ്പാർക്ക് ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്പാർക്ക് സംവിധാനത്തിന്റെ കേന്ദ്ര ഓഫീസ് നിയന്ത്രണം സ്പാർക്ക് പ്രോജക്ട് മാനേജുമെന്റ് യൂണിറ്റ്, സ്റ്റാച്യൂ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. പ്രസ്തുത ഓഫീസിൽ ചീഫ് പ്രോജക്ട് മാനേജർ, കണ്ടന്റ് ഡെവലപ്മെന്റ് മാനേജർ, ഡൊമൈൻ എക്സ്പെർട്ട്, ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്റർ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, മാസ്റ്റർ ട്രെയിനർമാർ (ഇരുപത്) എന്നീ തസ്തികകളിൽ ജീവനക്കാർ ഉണ്ട്.

(ബി) സ്പാർക്ക് ഓഫീസിൽ ദിവസ വേതനക്കാരായ ജീവനക്കാരില്ല.

(സി) ഉണ്ട്. ഹോൺ കോളുകൾ സ്വീകരിക്കുന്നതിനായി മാത്രം 5 മാസ്റ്റർ ട്രെയിനർമാർ ഊഴമനുസരിച്ച് എല്ലാ ദിവസവും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സ്പാർക്ക് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ

212 (6663) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ ; കൊരട്ടി ഇൻഫോപാർക്കിന് സെസ് പദവി ലഭ്യമാക്കി കൂടുതൽ സ്ഥാപനങ്ങളും, തൊഴിലവസരങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

കൊരട്ടി ഇൻഫോപാർക്കിലെ ആകെയുള്ള 30 ഏക്കറിൽ 18 ഏക്കർ സ്ഥലം കെ.എസ്.ഐ.ടി.ഐ.എൽ. ഡെവലപ്പറായി പ്രത്യേക സാമ്പത്തിക മേഖല (SEZ) ആയി കേന്ദ്ര സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly